# അഭിപ്രായം പറയരുത്, അറസ്റ്റിലാകും

സ്വതന്ത്ര മാധ്യമപ്രവർത്തനം എല്ലാക്കാലത്തും തീവ്രവലതുപക്ഷ രാഷ്ട്രീയത്തിന്റെ പേടി സ്വപ്നമാണ്. അധികാരികൾക്ക് ഭയമുണ്ടാകുമ്പോൾ നിയന്ത്രണങ്ങൾ കടുപ്പിക്കപ്പെടുക എന്നതാണല്ലോ പതിവ്. അഭിപ്രായ സ്വാതന്ത്ര്യത്തെ നിയന്ത്രിച്ചും വസ്തുതകളെ വക്രീകരിച്ചും അസത്യങ്ങൾ ആസൂത്രിതമായി പടർത്തിയും തങ്ങൾക്കനുകൂലമായ രാഷ്ട്രീയാന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു തീവ്രവലതുപക്ഷ സർക്കാരിനെയാണ് ഇന്ന് നമുക്ക് നേരിടാനുള്ളത്. വസ്തുതാപരവും വിമർശനാത്മകവുമായ അഭിപ്രായങ്ങൾ, അപര വിദ്വേഷത്തെ അലങ്കാരമാക്കിയ സംഘപരിവാർ ശക്തികളെ അസഹിഷ്ണുക്കളാക്കുന്നത് വളരെ സ്വാഭാവികം മാത്രം. അധികാരത്തിന് പരിക്കേൽപ്പിക്കുന്ന തരത്തിൽ അഭിപ്രായം പറയുന്നവരെല്ലാം പലതരത്തിൽ ഒതുക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുഖ്യധാരാ മാധ്യമങ്ങൾ പൂർണ്ണമായും വിലയ്ക്കെടുക്കപ്പെട്ടു കഴിഞ്ഞു. നിയമത്തേക്കാളേറെ കച്ചവടത്തിന്റെ പേരിലാണ് നിയന്ത്രണങ്ങൾ ഇന്ന് നിലനിൽക്കുന്നത്. പണം വരുന്ന സോഴ്സിനെതിരെ ഒന്നും പറയുന്നില്ല എന്നുമാത്രമല്ല, പണം തരുന്നവരെ വാനോളം പുകഴ്ത്തുന്നുമുണ്ട് മുഖ്യധാരാ മാധ്യമങ്ങൾ. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കും സംഘപരിവാറിന്റെ വിദ്വേഷ പ്രത്യയശാസ്ത്രത്തിനും കുടപിടിക്കുന്ന കാര്യസ്ഥപ്പണി ഏറ്റെടുത്തിരിക്കുന്ന ഇന്ത്യയിലെ ദേശീയ മാധ്യമങ്ങളിൽ നിന്നും ഇനി ഒന്നും പ്രതീക്ഷിക്കാനില്ല, പ്രകീർത്തനങ്ങളല്ലാതെ. ആ ശൂന്യസ്ഥലത്തേക്കാണ് സ്ഫോടനാത്മകമായ വിമർശ ശേഷിയുമായി ഡിജിറ്റൽ മാധ്യമങ്ങൾ ഇന്ത്യയുടെ സക്രിയ പ്രതിപക്ഷമായി നിലയുറപ്പിച്ചത്. കേന്ദ്ര സർക്കാരിന് ഹിതകരമല്ലാത്തവിധം അവരുടെ നയങ്ങളും നിലപാടുകളും ജനസമക്ഷം ചോദ്യം ചെയ്യപ്പെട്ടു. സംഘപരിവാറിന്റെ നുണഫാക്ടറികൾ നിർമ്മിക്കുന്ന കുപ്രചരണങ്ങൾ ഫാക്ട് ചെക്കിംഗിലൂടെ നിരന്തരം തകർക്കപ്പെട്ടു. പൗരത്വ ബില്ലിനെതിരായ ജനമുന്നേറ്റത്തിന്റെ കാലത്ത് അത് കൂടുതൽ ശക്തിപ്പെടുകയും ഇപ്പോൾ നടക്കുന്ന കർഷകരുടെ പ്രക്ഷോഭത്തിൽ ആ സാധ്യതകൾ വിശാലമാക്കപ്പെടുകയും ചെയ്തു. അതുകൊണ്ടുതന്നെ, നിലവിൽ തീർത്തും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഡിജിറ്റൽ മാധ്യമങ്ങളെ ചൊൽപ്പടിയിൽ നിർത്തുക എന്നത് കേന്ദ്ര സർക്കാരിനെ സംബന്ധിച്ച് ഒരു മുഖ്യപരിഗണാവിഷയമായിത്തീർന്നു.

ഡിജിറ്റൽ മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിനായുള്ള പലതരം ആലോചനകൾ ഏറെക്കാലമായി സർക്കാർ വൃത്തങ്ങളിൽ സജീവമാണ്. ഓവർ ദി ടോപ്പ് എന്ന് പറയപ്പെടുന്ന ഒ.ടി.ടി പ്ലാറ്റ്ഫോമുകളുടെ വളർച്ചയും നിയന്ത്രിതമല്ലാത്ത ഉള്ളടങ്ങളുടെ സർഗാത്മക വേദിയായി മാറി. ഒ.ടി.ടി പ്ലാറ്റ്ഫോമുകളിൽ പ്രത്യക്ഷപ്പെട്ട പല ഉള്ളടക്കങ്ങളും, പ്രത്യേകിച്ച് ചില പുതിയ ഇന്ത്യൻ വെബ് സീരീസുകൾ സംഘപരിവാറിന്റെ വംശീയ അജണ്ടയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചതും കേന്ദ്ര സർക്കാരിനെ വല്ലാതെ കുഴക്കി. അതോടെയാണ് ഡിജിറ്റൽ രംഗത്ത് എന്തായാലും നിയന്ത്രണം കൊണ്ടുവന്നേ മതിയാകൂ എന്ന തീരുമാനത്തിലേക്ക് അവർ സജീവമായി നീങ്ങിയത്. 2018 മുതൽ അതിനായുള്ള ശ്രമങ്ങൾ തുടങ്ങിയെങ്കിലും ഇപ്പോഴാണ് സർക്കാർ അക്കാര്യത്തിൽ കുടുതൽ വ്യക്തതയോടെ മുന്നോട്ടുവന്നത്. കേന്ദ്ര വാർത്താവിനിമയ പ്രക്ഷേപണ മന്ത്രി പ്രകാശ് ജാവ്ദേകർ, നിയമ-ടെലികോം മന്ത്രി രവിശങ്കർ പ്രസാദ് എന്നിവർ ചേർന്ന് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് പുറത്തിറക്കിയ വിവര സാങ്കേതികവിദ്യ (മധ്യവർത്തി മാർഗനിർദേശങ്ങൾ, ഡിജിറ്റൽ മാധ്യമ സദാചാര സംഹിത) ചട്ടം 2021 ഇന്ത്യയെ ഒരു ഡിജിറ്റൽ അടിയന്തിരാവസ്ഥയിലേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്.

നവമാധ്യമങ്ങളായ ഓൺലൈൻ വീഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ, ന്യൂസ് സൈറ്റുകൾ, വിവിധ സമൂഹമാധ്യമങ്ങൾ എന്നിങ്ങനെ എല്ലാത്തരം ഡിജിറ്റൽ മീഡിയ പ്ലാറ്റ്ഫോമുകളും പുതിയ ചട്ടത്തിന് വിധേയമാകും. ഡിജിറ്റൽ എത്തിക്സ് കോഡിലൂടെ രാജ്യത്തെ എല്ലാ സോഷ്യൽ മീഡിയ, ഒ.ടി.ടി. പ്ലാറ്റുഫോമുകൾക്കും നിയമപരമായ നിയന്ത്രണം ഏർപ്പെടുത്തപ്പെടും. ദേശവിരുദ്ധ നിലപാടുകൾ, പരാമർശങ്ങൾ എന്നിവയെ ഒരു കാരണവശാലും പ്രോത്സാഹിപ്പക്കാനാവില്ലെന്നും സോഷ്യൽ മീഡിയ ആപ്പുകളായ ഫേസ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റാഗ്രാം, ടെലിഗ്രാം, ടിറ്റർ എന്നിവയ്ക്കും വിഡിയോ പ്ലാറ്റ്ഫോമുകളായ യൂട്യൂബ്, ആമസോൺ പ്രൈം, നെറ്റ്ഫ്ലിക്സ്, ഹോട്ട് സ്റ്റാർ തുടങ്ങിയവയ്ക്കും പുതിയ നിയമം ബാധകമാകുമെന്നുമാണ് കേന്ദ്ര മന്ത്രാലയം ആദ്യം വ്യക്തമാക്കിയിരുന്നത്. രാജ്യത്തിന്റെ വിവിധ കോണിൽ നിന്നും നിയമത്തിനെതിരെ എതിർപ്പ് ഉയർന്നതോടെ നിയന്ത്രണം ഏർപ്പെടുത്താനുള്ള തീരുമാനത്തിൽ ചില വിശദീകരണങ്ങൾ നൽകാൻ കേന്ദ്ര സർക്കാർ നിർബന്ധിതമായി. നിയമത്തിൽ പുതിയ വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടില്ല എന്നും നിലവിലെ ഐ.ടി. നിയമങ്ങൾ അനുസരിച്ച് മാത്രമേ അടിയന്തിര ഇടപെടലുകൾ ഉണ്ടാകൂ എന്നും വ്യക്തമാക്കിക്കൊണ്ട് കേന്ദ്രമന്ത്രി പ്രകാശ് ജാവദേക്കർ തന്നെ വീണ്ടും രംഗത്തുവന്നു.

ഡിജിറ്റൽ മാധ്യമങ്ങളെ നിയന്ത്രിക്കുന്ന നിയമം നടപ്പിലാക്കി ദിവസങ്ങൾക്കുള്ളിൽ ഭരണകൂടം ആദ്യ ഇരയെ കണ്ടെത്തുകയും ചെയ്തു. ഫേസ്ബുക്കിലെ 'ഖനാസി നയ്നാസി' എന്ന വാരാന്ത്യ ഓൺലൈൻ ഷോയ്ക്കെതിരെയാണ് ഇംഫാൽ വെസ്റ്റ് ജില്ലാ മജിസ്ട്രേറ്റ് നവോരം പ്രവീൺ സിങ് നോട്ടീസ് അയച്ചത്. കിഷോർചന്ദ്ര വാങ്ഘം എന്ന മാധ്യമപ്രവർത്തകനായിരുന്നു പരിപാടിയുടെ അവതാരകൻ. കിഷോർ ചന്ദ്രയുടെ അനുഭവങ്ങൾ വൈകാതെ ആർക്കുമുണ്ടാകാം. പരിസ്ഥിതി പ്രവർത്തകയായ ഇരുപത്തൊന്നു വയസ്സുകാരി ദിഷ രവിയേയും ഹിന്ദു ദൈവങ്ങളെയും അമിത് ഷായെയും അവഹേളിച്ചു എന്ന് ആരോപിച്ച് സ്റ്റാൻഡ് അപ് കൊമേഡിയൻ മുനവർ ഫറൂഖിയെയും അറസ്റ്റ് ചെയ്തതും അടുത്തിടെയാണല്ലോ. ഏതുതരം ആവിഷ്കാരവും ക്രമിനൽ കുറ്റമായി മാറുന്ന കാലം വിദൂരത്തല്ല എന്ന പേടിപ്പെടുത്തുന്ന അവസ്ഥയിലേക്ക് നീങ്ങുകയാണ് ഇന്ത്യയും. ഇനി തടവറകൾക്കായി നമുക്ക് കാത്തിരിക്കാം. ■